**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** 27-06-2022 - ൽ മറുപടിയ്ക്ക്

**കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ റേഡിയോളജി, ത്വക്ക് രോഗ വിഭാഗങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ റേഡിയോളജി, ത്വക്ക് രോഗവിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണ്. |
| (ബി) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ അത്യാധുനിക സംവിധാനങ്ങളോടെയുള്ള പുതിയ കെട്ടിടം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് വരികയാണ്. നിലവിൽ ഫയർ & സേഫ്റ്റിയുടെ ബാക്കി പണികൾ, വാട്ടർ സപ്ലൈയുടെയും ഡ്രെയിനേജിന്റെയും പണികൾ എന്നിവ പൂർത്തീകരിച്ചിട്ടില്ല. അതു കൂടാതെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാബിൻ വർക്ക്, ഔട്ട് സൈഡ് ജോലികൾ എന്നിവ നടന്നു വരുന്നു. പി.ഡബ്ല്യു.ഡി. പണികൾ പൂർത്തിയാക്കി കെട്ടിടം കൈമാറുന്നതനുസരിച്ച് പുതിയ കെട്ടിടത്തിൽ ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | ആർദ്രം മിഷനിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത ആശുപത്രിയിൽ ഗ്യാപ് അനലൈസിങ് പ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (സി) | ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഗ്യാപ് അനലൈസിങ് നടന്നു വരുന്നു. |
| (ഡി) | കാരുണ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളി ആശുപത്രിക്കായി ലഭിക്കേണ്ട തുക എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് 22.06.2022 തീയതിയിൽ ആറു ലക്ഷം രൂപ നൽകുകയും, 25-06-2022 തീയതിയിൽ 87,71,235/- രൂപ നൽകുന്നതിന് അനുമതി ലഭ്യമാകുകയും ചെയ്തു |

സെക്ഷൻ ഓഫീസർ